# ക്വട്ടേഷൻ നോട്ടീസ്

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ 2017 വർഷത്തെ സംസ്ഥാന പച്ചക്കറി വികസന പദ്ധതി അവാർഡ് നിർണ്ണയ കമ്മിറ്റിയുടെ ഫീൽഡ് സന്ദർശനവുമായി ബന്ധപ്പെട്ട വിവിധ ജില്ലകളിലെ ഉദ്ദേശം 125-150 കർഷകരുടെ കൃഷി സ്ഥലങ്ങളുടേയും കൃഷി രീതികളുടെയും ഏകദേശം 40-50 ദിവസം നീണ്ടു നിൽക്കുന്ന വീഡിയോ ചിത്രീകരണത്തിനും, വീഡിയോ ചിത്രീകരണത്തിന്റെ എഡിറ്റിംഗ്, ഇൻഡക്സിംഗ്, ഡി.വി.ഡി. റൈറ്റിംഗ്, പശ്ചാത്തല സംഗീതം തുടങ്ങിയ പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾക്കും, പരിചയ സമ്പന്നരായ വ്യക്തികളിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

1. വീഡിയോ ചിത്രീകരണത്തിന് ആവശ്യമായ എല്ലാ ചിലവുകളും ചേർത്ത് ഒരു ദിവസത്തെ റേറ്റ് ആണ് നൽകേണ്ടത്.
2. ചിത്രീകരണത്തിനുശേഷം ഏകദേശം 42 എണ്ണത്തിന്റെ മാത്രം എഡിറ്റിംഗ്, ഇൻഡക്സിംഗ്, വീഡിയോ പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾക്ക് ആവശ്യമായ തുക പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

ക്വട്ടേഷനുകൾ 24/02/2018 വൈകുന്നേരം 3 മണിക്കു മുമ്പായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ, കൃഷി ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം -33 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം കവറിന് മുകളിൽ "പച്ചക്കറി വികസന പദ്ധതി അവാർഡ് 2017-18 വീഡിയോ കവറേജിനും, പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾക്കുമുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തിയിരിക്കണം. അന്നേ ദിവസം 3.30 ന്, ലഭിച്ച ക്വട്ടേഷനുകൾ ഹാജരായ ഉടമയുടെയോ അവരുടെ സാക്ഷ്യപ്പെടുത്തിയ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതായിരിക്കും. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും, കാരണം കൂടാതെ നിരസിക്കുന്നതിനുമുള്ള അധികാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

## നിബന്ധനകൾ

1. കൃഷി ഡയറക്ടറുടേയോ, അവാർഡ് കമ്മിറ്റി തലവന്റെയോ നിർദ്ദേശപ്രകാരം വീഡിയോ കൃഷി സ്ഥലത്തിന്റെ ചിത്രീകരണം നടത്തേണ്ടതാണ്. ചിത്രീകരണം പൂർത്തിയാക്കി, എഡിറ്റിംഗ് മുതലായവ ഒരാഴ്ചയ്ക്കുള്ളിൽ പൂർത്തിയാക്കി ആയതിന്റെ സി.ഡി നല്കിയിരിക്കണം.
2. അവാർഡ് നിർണ്ണയ കമ്മിറ്റിയോടൊപ്പം ഓരോ ജില്ലപരിധിക്കുള്ളിലും വീഡിയോഗ്രാഫർ സഞ്ചരിക്കേണ്ടതാണ്. ജില്ലയിലേയ്ക്കു വരുന്ന യാത്ര ചിലവ് സ്വയം വഹിക്കേണ്ടതാണ്.

3. ക്വട്ടേഷനുകൾ ലഭിക്കുന്നവർ അപേക്ഷന്റെ കൃഷി സ്ഥലം ചിത്രീകരിക്കേണ്ടതും ഇന്റർവ്യൂവിന്റെ വീഡിയോ ചിത്രീകണം നടത്തേണ്ടതുമാണ്.
4. പോസ്റ്റ് പ്രൊഡക്ഷൻ ജോലികളായ എഡിറ്റിംഗ്, ഇൻഡക്സിംഗ്, ഡി.വി.ഡി. റൈറ്റിംഗ്, പശ്ചാത്തല സംഗീതം എന്നിവ അവാർഡ് കമ്മിറ്റിയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്റെ നിർദ്ദേശപ്രകാരം ചെയ്യേണ്ടതാണ്.
5. വീഡിയോ ചിത്രീകണം മൊത്തമായും പിന്നീട് അവാർഡ് ജേതാക്കളുടേത് പ്രത്യേകമായും പ്രോസസ്സ് ചേയ്യേണ്ടതാണ്.
6. വീഡിയോ ചിത്രീകരണത്തിന് ഒരു ദിവസത്തെ റേറ്റ്, ചിത്രീകരണത്തിന് ശേഷം 42 എണ്ണത്തിന്റെ മാത്രം പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾക്ക് ആവശ്യമായ തുക എന്നിവ പ്രത്യേകം രേഖപ്പെടുത്തണം
7. നോൺലീനിയർ എഡിറ്റിംഗ് ചാർജ്ജ് ഉൾപ്പെടെ ആയിരിക്കണം ക്വാട്ട് ചെയ്യുന്ന തുക.
8. വീഡിയോ ചിത്രീകരണത്തിനുശേഷം ഒരാഴ്ചയ്ക്കുള്ളിൽ എഡിറ്റിംഗ് ജോലികൾ പൂർത്തിയാക്കി സി.ഡി. കൃഷി ഡയറക്ടറേറ്റിൽ ഏല്പിക്കേണ്ടതാണ്.
9. ഓഫീസിൽ നിന്നും അറിയിപ്പ് കിട്ടിയാലുടൻ (വർക്ക് ഓഡർ) തന്നെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് സമയബന്ധിതമായി ജോലികൾ ചെയ്തു തീർക്കേണ്ടതാണ്.
10. തൃപ്തിയായി പണി പൂർത്തിയാക്കിയിൽ മാത്രമേ തുക അനുവദിക്കുകയുള്ളു

കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

ഒപ്പ്
കൃഷി ഡയറക്ടർ

GANGA RANI.B.R
Assistant Director of Agriculture (NC)
Directorate of Agriculture
Vikas Bhavan, Tvpm

To,

1. നോട്ടീസ് ബോർഡ്
2. ഇൻവേഡ് സെക്ഷൻ
3. ലോക്കൽ സർക്കുലേഷൻ
4. കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഐ.റ്റി. സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. പ്രിൻസിപ്പൽ കൃഷി ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ (വ്യാപകമായ പരസ്യത്തിന്)